# പതിനാലാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.529 | 24.01.2018-ൽ മറുപടിയ്ക്ക്

## ഭാഗ്യക്കുറി സമ്മാനത്തുക നൽകുന്നതിന് കാലതാമസം

| ചോദ്യം<br>ശ്രീ.പാറക്കൽ അബ്ദുല്ല | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ഒരു ലക്ഷത്തിനു മുകളിലുള്ള ഭാഗ്യക്കുറി സമ്മാനത്തുകകൾ മാസങ്ങൾ പിന്നിട്ടിട്ടും നൽകാത്ത സാഹചര്യം നിലവിലുണ്ടോ; | (എ) | സമ്മാനത്തുക ലഭ്യമാക്കുന്നതിന് ലോട്ടറി നിയമം അനുശാസിക്കുന്ന ആവശ്യമായ രേഖകൾ സഹിതം സമർപ്പിക്കുന്ന സമ്മാന ടിക്കറ്റുകൾക്ക് നിയമാനുസൃത സമയപരിധിക്കുള്ളിൽ സമ്മാന വിതരണം നടത്തി വരുന്നു. |
| (ബി) | ഓണം ബമ്പർ ഒന്നാം സമ്മാനമായ പത്ത് കോടി രൂപ ഈ വിധം മാസങ്ങൾ പിന്നിട്ടിട്ടും നൽകിയില്ലെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | തിരുവോണം ബമ്പറിന്റെ ഒന്നാം സമ്മാനം ലഭിച്ച ടിക്കറ്റ് നിയമ പ്രകാരം ആവശ്യമായ രേഖകൾ സഹിതമല്ല സമർപ്പിക്കപ്പെട്ടത്. പ്രസ്തുത രേഖകൾ ലഭിച്ചതിനെത്തുടർന്ന് 22.12.2017 -ൽ സമ്മാനാർഹന് പണം നൽകിയിട്ടുണ്ട്. |
| (സി) | ലോട്ടറിയിൽ നിന്നുള്ള വരുമാനം സർക്കാർ വകമാറ്റി ചെലവഴിക്കുന്നതാണ് സമ്മാനത്തുകകൾ നൽകുന്നതിന് താമസമുണ്ടാക്കുന്നതെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; | (സി) | ലോട്ടറിയുടെ വിറ്റുവരവ് സംസ്ഥാന സഞ്ചിത നിധിയിലേയ്ക്ക് അടയ്ക്കുകയും ലോട്ടറി സമ്മാനം തുടങ്ങിയ ചെലവുകൾക്ക് അതിനായി പണം വകയിരുത്തിയിരിക്കുന്ന കണക്ക് ശീർഷകത്തിൽ നിന്ന് പണം പിൻവലിച്ച് നല്കുകയുമാണ് ചെയ്യുന്നത്. കേന്ദ്ര ലോട്ടറി നിയന്ത്രണ നിയമം അനുസരിച്ച് ലോട്ടറി വിറ്റുവരവ് പൂർണ്ണമായും ട്രഷറിയിൽ അടയ്ക്കുകയും ചെലവുകൾക്ക് പ്രത്യേക ബഡ്ജറ്റ് കണക്കിൽ നിന്ന് പണം കണ്ടെത്തുകയും ചെയ്യണം. ഇങ്ങനെയാണ് സംസ്ഥാന ഭാഗ്യക്കുറി പ്രവർത്തിക്കുന്നത്. |
| (ഡി) | ഭാഗ്യക്കുറിയിൽ നിന്ന് ആഴ്ചയിൽ എത്ര കോടി രൂപ സർക്കാരിന് വരുമാനമുണ്ടെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ? | (ഡി) | ഭാഗ്യക്കുറി ടിക്കറ്റുകളുടെ വിൽപനയിലൂടെ സർക്കാരിന് ആഴ്ചയിൽ ഏകദേശം 180 കോടി രൂപയുടെ വരുമാനം ലഭിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ